# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 58 06.03.2012- ൽ മറുപടിക്ക്**

## കൈത്തറി മേഖലയ്ക്കായുള്ള റിവൈവൽ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ആർ സെൽവരാജ്** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ)കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ റിഫോം റീസ്ട്രക്ചറിംഗ് പാക്കേജിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം സംസ്ഥാനങ്ങൾക്കായി മൊത്തം 3884 കോടി രൂപ അടങ്കലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ കേന്ദ്രവിഹിതം 3137 കോടി രൂപയും സംസ്ഥാനങ്ങളുടെ വിഹിതം 747 കോടി രൂപയുമായാണ് കണക്കാക്കിയിരിക്കുന്നത്. പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സംഘം,സ്വകാര്യ നെയ്ത്തുകാർ, കൈത്തറി നെയ്ത്തു ഗ്രൂപ്പുകൾ എന്നിവരുടെ 31.3.10 ന് കുടിശ്ശികയായിട്ടുള്ള വായ്പാതുക മുഴുവനും, ഇവരുടെ അക്കൗണ്ട് നോൺ പെർഫോമിങ് അസറ്റ്സ് (NPA) ആയ തീയതിവരെയുള്ള പലിശയുടെ 25% ഉം തിരിച്ചടവിൽ നിന്നും ഒഴിവാക്കാനാണ് പ്രസ്തുത പാക്കേജ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയനുസരിച്ച് കേന്ദ്രസംസ്ഥാന സർക്കാറുകൾ താഴെ കാണുന്ന അനുപാതത്തിൽ ഫണ്ട് വകയിരുത്തേണ്ടതുണ്ട്.<br>അപ്പക്സ് സൊസൈറ്റി - 75:25 (കേന്ദ്രം :സംസ്ഥാനം)<br>പ്രാഥമിക സംഘങ്ങൾ - 80:20(കേന്ദ്രം :സംസ്ഥാനം)<br>പ്രൈവറ്റ് നെയ്ത്തുകാർ - 80:20(കേന്ദ്രം :സംസ്ഥാനം) |

| | |
| --- | --- |
| (ബി)പ്രസ്തുത പാക്കേജ് മുഖേന എത്ര കോടി രൂപയുടെ ആശ്വാസമാണ് പ്രഖ്യാപിച്ചിരുന്നത്; | (ബി) എല്ലാ സംസ്ഥാനങ്ങൾക്കുമായി മൊത്തം 3884 കോടി രൂപയുടെ പാക്കേജാണ് കേന്ദ്രസർക്കാർ ആശ്വാസമായി പ്രഖ്യാപിച്ചിരിക്കുന്നത്. |
| (സി)പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി)കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് റിവൈവൽ പാക്കേജിന് അർഹമായ സംഘങ്ങൾ **viable** അല്ലെങ്കിൽ **potentially viable** വിഭാഗത്തിൽ ഉൾപ്പെട്ടതായിരിക്കണം. **'viable criteria'** ലെ വ്യവസ്ഥകളനുസരിച്ച് കേരളത്തിലെ കൈത്തറി സംഘങ്ങൾക്കൊന്നും തന്നെ റിവൈവൽ പാക്കേജനുസരിച്ചുള്ള ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടാവില്ല. **'Potentially Viable Criteria'**- യിൽ വരുന്ന സഹകരണ സംഘങ്ങളും നമ്മുടെ സംസ്ഥാനത്ത് വളരെ പരിമിതമാണ്. |
| (ഡി)ഇക്കാര്യത്തിൽ നബാർഡ് മുന്നോട്ടു വെച്ചിട്ടുള്ളതും സംസ്ഥാനത്തിനനുയോജ്യമല്ലാത്തതുമായ നിബന്ധനകൾ പിൻവലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി)ഈ പാക്കേജിന്റെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നത് ദേശീയ തലത്തിൽ "National Implementation, Monitoring and Review Committee (NIMRC)യും, സംസ്ഥാനതലത്തിൽ State Implementation Monitoring and Review Committee (SIMRC)യും, ജില്ലാതലത്തിൽ District Implementation and Review Committee (DIMRC)" യും ആണ്. പാക്കേജുകളിലെ നിബന്ധനകളിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടെ **NIMRC** യ്ക്ക് അധികാരമുണ്ട്. **NIMRC** - യിൽ സംസ്ഥാനങ്ങളുടെ കൈത്തറി വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രിൻസിപ്പൽ |

സെക്രട്ടറിമാരും കൈത്തറി - ടെക്സ്റ്റൈയിൽ ഡയറക്ടർമാരും അംഗങ്ങളാണ്. കഴിഞ്ഞ **NIMRC** യോഗങ്ങളിൽ കേരളത്തിന് അനുയോജ്യമല്ലാത്ത നിബന്ധനകൾ മാറ്റണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച അനുകൂലമായ തീരുമാനത്തിനായി ശ്രമിച്ച് വരുകയാണ്.

**സെക്ഷൻ ഓഫീസർ**